പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1821 21.01.2014 - ൽ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

ചോദ്യം ഉത്തരം

ശ്രീ. വി. ചെന്താമരാക്ഷൻ

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ; | (എ) | കേരളത്തിലുള്ള 0 – 3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ റീജിയണൽ ടെക്നിക്കൽ കമ്മിറ്റി / സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റികളുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന 5 വയസ്സുവരെയുള്ള കുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.<br><br>കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപ ആയിരിക്കണം.<br><br>കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.<br><br>കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിയോ വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം. |

| | | | |
|---|---|---|---|
| (ബി) | ബധിര – മൂകരായ കുട്ടികളെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | വിവിധ ആശുപത്രികളിൽ വൈദ്യ പരിശോധനയിൽ കേൾവിക്കുറവു കണ്ടെത്തുന്ന കുട്ടികൾക്ക് ആഡിയോളജിസ്റ്റിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്യുന്നത് ഗുണകരമാകുമെന്ന് കണ്ടെത്തുകയാണെങ്കിൽ കുട്ടിയുടെ താൽപര്യ പ്രകാരം അപേക്ഷയും പരിശോധന റിപ്പോർട്ടുകളും വിദഗ്ധ ഡോക്ടറുടെ ശുപാർശയുമടക്കം സാമൂഹ്യ സുരക്ഷാ മിഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാനത്തെ ശിശു വികസന പദ്ധതി ആഫീസർമാർ മുഖേന നൽകി വരുന്നു. |
| (സി) | ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികളുടെ പ്രായ പരിധി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ? | (സി) | പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ